(സി) ഒരു ലക്ഷത്തോളം

പുന്നയൂർക്കുളം ഇലക്ട്രിസിറ്റി സെക്ഷൻ

1596. [2380] ശ്രീ.പി.കെ.കെ.ബാവ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുന്നയൂർക്കുളം ഇലക്ട്രിസിറ്റി സെക്ഷൻ മേജർ സെക്ഷൻ ആക്കാൻവേണ്ടി നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോഴം പരിഗണനയിലില്ല.

ആലക്കോട് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

1597. [2381] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ 3,000-ത്തോളം ഉപഭോക്താക്കളുള്ളആലക്കോട് മേഘലയിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ, തളിപ്പറമ്പിൽ ഒരു ഡിവിഷൻ ഓഫീസ് അനുവദിച്ച സാഹചര്യത്തിൽ ഇപ്പോഴം തളിപ്പറമ്പിൽ പ്രവർത്തിക്കുന്ന രണ്ട് സെക്ഷൻ ഓഫീസുകളിൽ ഒരെണ്ണം ആലക്കോട്ടേക്കോ ഒട്ടുപളളിത്തട്ടിലേക്കോ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കാവുന്നതാണ്.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ പെൻഷൻകാർക്കുള്ള ആനുകൂല്യങ്ങൾ

1598. [2383] ശ്രീമതി. കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡിലെ പെൻഷൻകാർക്ക് ബാധകമാണോ ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ എല്ലാം തന്നെ ഇലക്ട്രിസിറ്റിബോർഡ് ജീവനക്കാർക്കും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അല്ല. ബോർഡ് അംഗീകരിക്കുന്നിടത്തോളം മാത്രമേ ബാധകമാവൂ.

(ബി) ബോർഡിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് കൊടുക്കാവുന്നതിന്റെ പരമാവധി ആനുകൂല്യങ്ങൾ കൊടുക്കാൻ ബോർഡ് പരിശ്രമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly